
# നിലാവ്

## ഡിജിറ്റൽ മാഗസിൻ



G.H.S.S PARAMBIL

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
## പറമ്പിൽ

# ഗവ. ഹയർസെക്കണ്ടറി സ്കൂൾ പറമ്പിൽ പുതിയ ഭാവത്തിലേക്ക്



# പ്രധാന അധ്യാപിക

**അജിത മാധവൻ**



വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് അനുയോജ്യമായ തരത്തിലുള്ള ക്ലാസ് മുറികളാണ് ഇന്നുള്ളത്. ഐ ടി ഉപകരണങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സ്കൂളിൽ പ്രവർത്തിക്കുന്നു. ഇവരുടെ നേതൃത്വക്കിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിൽ സാഹിത്യ സൃഷ്ടികൾ നൽകിയ എല്ലാ വിദ്ധ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.............

# EDITORIAL BOARD

## KITE MISTRESS



RUBEENA



NUSARATH

















# ക്ലബ്ബുകളും യൂണിറ്റുകളും

| ക്ലബ്ബ് | - | അധ്യാപകർ |
|---|---|---|
| ലിറ്റിൽ കൈറ്റ്സ് | - | റുബീന, നസ്റത്ത് |
| പരിസ്ഥിതി | - | വിജയമ്മ |
| ജാഗ്രത സമിതി | - | കുമാരി |
| ജെ.ആർ.സി | - | മുഹമ്മദലി |
| ഇംഗ്ലീഷ് | - | ബഷീർ |
| മലയാളം | - | അഷ്റഫ് |
| ഹെൽത്ത് | - | വിജയമ്മ |
| ഹിന്ദി | - | കവിത |
| വിദ്യാരംഗം | - | പ്രസാദ് |
| സയൻസ് | - | സീമ |
| സോഷ്യൽ സയൻസ് | - | ഷീജ |
| ഗണിതം | - | കലാ റാണി |
| ന്യൂ ഹൊറൈസൺ | - | സീമ |
| ഹരിത -കാർഷികം | - | വിജയമ്മ |

## താളുകളിലൂടെ


പ്രധാന അധ്യാപിക....3
EDITORIAL BOARD....4
അതിജീവനം....7
....7
-ജിഷ്ണ 10D....7
അറബി ഭാഷയുടെ വരദാനം....12
മുസ്ലിഹുദ്ദീൻ....12
COMMENCEMENT....14
رَحمَة الله....16
NAJA SHERIN 8A....16
നഗരമധ്യത്തിൽ ഒരു മധ്യത്തിൽ....19
തണൽ മരം....19
നിഴലായ് ....25
എന്നുമെൻ ..... കൂടെ നീ....25
ഏകയായ് ....28
My Teacher....30
ദാഹജലം....34
പഠനയാത്ര....35
Role of Teachers in one's talent....45
ദുരന്തമുഖത്തെ അതിജീവനം....47
സമയം....51
മരത്തിന്റെ നൊമ്പരം....54
ഹരിതഭാവിക്ക്....55
Drawings for magazine....59
ക്യാമറക്കണ്ണുകളിലൂടെ....60

# അതിജീവനം



**-ജിഷ്ണ 10D**

അന്നൊരു അവധി ദിവസമായിരുന്നു. നാരായണൻ തന്റെ ജോലി നിർത്തി വെച്ച് ഭക്ഷണം കഴിക്കാൻ തന്റെ ബൈക്കുമായി കാവുംപുറം വരെ പോയി. പോകുന്നതിനിടയിൽ ഒരാൾ വണ്ടിക്കു  കൈ കാണിച്ചു . അയാൾ ബ്രേക്ക് ഇട്ടു. നോക്കിയപ്പോൾ കാട്ടുപോലെ പടർന്ന് പന്തലിച്ച മുടിയും നീട്ടി വളർത്തിയ താടിയും  കീറിയ  പാന്റും ഇട്ട ഒരു പയ്യൻ. ചോദിക്കുമ്പോഴേക്കും പയ്യൻ അയാളുടെ വണ്ടിയിൽ പാഞ്ഞുകയറി.

അയാൾ വണ്ടിയെടുത്തു. കുറച്ചുനേരം രണ്ടുപേരും ഒന്നും മിണ്ടിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ നാരായണൻ ആ പയ്യനോട് പേരെന്തെന്ന് ചോദിച്ചു. ജിതിൻ എന്ന്ഉത്തരം. ഇന്ന് ക്ലാസില്ലല്ലോ പിന്നെന്താ ഇവിടെ?
ജിതിൻ പറഞ്ഞു: ഇന്ന് സ്പെഷ്യൽക്ലാസ് ആണ് . കോതമംഗലം ഹയർസെക്കൻഡറി സകൂളിലാണ്.കുറച്ചു ദൂരം പിന്നിട്ടപ്പോൾ നാരായണൻ വീണ്ടും ചോദിച്ചു "എത്രാം ക്ലസിലാ?" "വീടോ?" +2 ൽ ,വീട് വടക്കേ കോളനിയിൽ .
പയ്യൻ കാവുംപുറം എത്തുന്നതിനു മുമ്പ് ചാടിയിറങ്ങി.
നാരായൺ ചോദിച്ചുകോളനി എത്തിയില്ലല്ലോ? ഇതിലെയൊരു വഴിയുണ്ട് ഇതിലേ പോയാൽ വീടെത്തും എന്ന് പറഞ്ഞ് ഒരു കാലപഴക്കം

സംഭവിച്ച പോലീസ് ക്വാട്ടേഴ്സിന്റെ ഇടവഴിയിലൂടെ
നടന്നകന്നു... നാരായണൻ നേരെ വീട്ടിലേക്കും.

അടുത്ത ദിവസവും ഇതേ സമയം പയ്യനെ കണ്ടു. അവൻ ഒരു ക്രൂസലുമില്ലാതെ ചാടികേറി. ഇന്നു കാരണം നാരായണൻ ചോദിച്ചപ്പോൾ അവൻ പറഞ്ഞു "ഇന്ന് ടീച്ചർ വന്നില്ലെന്ന് "ഇന്ന് കാവുകുളം എത്തുന്നതിനു തൊട്ടുമുമ്പ് ചാടിയിറങ്ങി ബാഗിൽ എന്തോ പരതുന്നത് നാരായണൻ കണ്ടു .അത് തിരയുമ്പോൾ അവൻ വിയർക്കുന്നതും . 'ഹാവൂ!' എന്നും
പറഞ്ഞ് അവൻ നടന്നകന്നു.

അടുത്ത ദിവസവും പയ്യനെ കണ്ടു.... അന്നും അതേ കാരണം . അവനിൽ എന്തോ ഒരു നിഗൂഢത തോന്നിയ നാരായൺ പയ്യനെ അവിടെ ഇറക്കിയ ഉടനെ കോതമംഗലം ഹൈസ്കൂളിൽ എത്തി . അവിടെ ഹെഡ്മിസ്ട്രസായ ജിഷയോട് കാര്യം തിരക്കി .
ജിഷ ടീച്ചറുടെ മറുപടി ഇങ്ങനെയായിരുന്നു . “ജിതിൻ എന്നും ഒരു മണിയാകുമ്പോൾ ക്ലാസ് വിട്ട് ഇറങ്ങും . അവന്റെ രക്ഷിതാക്കൾ എത്ര പറഞ്ഞിട്ടും അവനൊരു മാറ്റവുമില്ല.

അവിടെ നിന്ന് അവന്റെ രക്ഷതാക്കളുടെ നമ്പർ വാങ്ങിയ നാരായൺ വടക്കേ കോളനിയിലെത്തി അവരെ കണ്ടു . അവനെ കുറിച്ച് പറയുമ്പോൾ ആ അമ്മയുടെ കണ്ണിൽ നിന്നും അശ്രു വീഴുന്നത് നാരായൺ കണ്ടു . അവന്റെ അച്ഛനാകട്ടെ അരയ്ക്ക് താഴെ തളർന്ന് കിടപ്പിലാണ് . അമ്മ വീ ട്ട് ജോലി ചെയ്തുണ്ടാക്കുന്ന
കാശാലാണ് ആ കുഞ്ഞുകുടുംബത്തിന്റെ
ജീവിതം മുന്നോട്ട് പോകുന്നത്.
വീടാകട്ടെ അടുക്കളയും കിടപ്പുമുറിയും എല്ലാം ഒന്നാണ്. അവൻ പഠിക്കുന്ന ഇടമാകട്ടെ പുസ്തകങ്ങൾ വാരി-

വലിച്ചിട്ടിരിക്കുന്നു. അവൻ സകൂളിൽ പോകാറില്ലെന്ന് ആ അമ്മയോട് പറയാൻ നാരായണന്റെ നാവ് പൊങ്ങിയില്ല. അതറിഞ്ഞാൽ ആ അമ്മയുടെ മനസ്സ് അത്യധികം വേദനിക്കും. അയാൾ ഒന്നും പറയാതെ അവിടെ നിന്നും ഇറങ്ങി. ഇറങ്ങുമ്പോൾ ആ അമ്മ ചോദിച്ചു. നിങ്ങൾ ആരാണ് ? അവന്റെയൊരു സുഹൃത്താണെന്ന് പറഞ്ഞ് നാരായണൻ വേഗത്തിൽ തന്റെ വാഹനമെടുത്ത് ആ ദ്രവിച്ച ക്വാട്ടേഴ്സിനടുത്തേക്ക് പോയി. അതിനരികിലൂടെ നടക്കുമ്പോൾ മൂത്രത്തിന്റെ രൂക്ഷഗന്ധം അടിക്കുന്നുണ്ടായിരുന്നു. അവിടെയുള്ള ചുമരിൽ പല ചിത്രങ്ങളും വരച്ചിരിക്കുന്നു. ചുമരിന്റെ മൂലയിൽ കള്ളിൻകുപ്പിയും, സിറിഞ്ചും കൂട്ടിവച്ചിരിക്കുന്നു. കുറച്ചുകൂടി മുന്നോട്ട് നടന്നപ്പോൾ കുറേ ആളുകളുടെ ശബ്ദം നാരായണൻ കേട്ടു. അവരുടെ അട്ടഹാസങ്ങളും കോൾക്കാമായിരുന്നു. ഒരു ചെറിയ വിടവിലൂടെ നോക്കിയപ്പോൾ കുറേ കുട്ടികൾ



പുകവലിയിലും ,മയക്കമരുന്നിലും മറ്റും ലയിച്ചിരിക്കുന്നവർ .... അവൻ സിറിഞ്ചിലുള്ള എന്തോ പദാർത്ഥം തന്റെ ഞരമ്പിൽ കയറ്റുകയാണ് .നാരായൺ അവിടേയ്ക്ക് വേഗത്തിൽ ചെന്നു. നാരായണനെ കണ്ട ഉടനെ മറ്റു കുട്ടികൾ ചാടി എഴുന്നേറ്റ് അയാളെ വളഞ്ഞു... ചിലർ അയാളെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു.

അതിനിടയിൽനിന്നും ജിതിൻ വന്നു "ഹേയ് നിർത്ത്",എന്നെ എന്നും ഇവിടെ ഇറക്കുന്ന ആളാണിത്.... അയാളെ ഒന്നും ചെയ്യല്ലേ...

അവൻ മദ്യലഹരിയിൽ ആടി പറഞ്ഞു. അവൻ നാരായണനെ അവിടെ ഒരു
കല്ലിന്മേലിരുത്തി. നാരായണന്
അൽപം ഭയമുണ്ടെങ്കിലും അയാളത്
പുറത്ത് കാണിച്ചില്ല. അവൻ തുടർന്നു
"ചേട്ടാ.. ഒരു കിടിലൻ സാധനം
വന്നിട്ടുണ്ട്, ഒന്ന് വലിച്ച്
നോക്കു " നാരായണൻ
എതിർത്തു. ജിതിനെയും
കൊണ്ട് അയാൾ
യാത്രയായി. ഒടുവിൽ ഒരു
വയലിന്റെ കരയിൽ
അവർ ചെന്നെത്തി



.അവൻ മദ്യലഹരിയിൽ
നാരായണനെ അപായപ്പെടുത്താൻ
ശ്രമിച്ചു. നാരായണൻ ഒരു ബക്കറ്റ്
വെള്ളമെടുത്ത് അവന്റെ തലയിൽ ഒഴിച്ചു.
കുറച്ചകലെയുള്ള മരത്തിൽ അവനെ കെട്ടിയിട്ടു. ലഹരിയിൽ നിന്നുണർന്ന
ശേഷം നാരായണൻ അവനോട് ചോദിച്ചു, "ഈ ലഹരിയിൽ നിന്ന് നിനക്ക് എന്ത് സന്തോഷമാണ്
ലഭിക്കുന്നത് ?" നിന്നെ കണ്ട് ഒരുപാട് സ്വപ്നം കാണുന്ന നിന്റെ അച്ഛനും
അമ്മയും നീ ലഹരിക്കടിമയാണെന്ന്
അറിയുമ്പോൾ അവർ ചങ്ക്പൊട്ടി ചാകും.
ഇതെല്ലാം പറഞ്ഞ് നാരായണൻ
അവന്റെ കെട്ടഴിച്ചു. അവനെ വീട്ടിൽ

കൊണ്ടുവിട്ടു. പിന്നീട് ആ പയ്യനെ ആ ബസ് സ്റ്റോപ്പിൽ കണ്ടിട്ടേയില്ല.കുറച്ച് മാസങ്ങൾക്ക് ശേഷം അയാൾ പണി കഴിഞ്ഞ് വീട്ടിലേക്ക് പോകുമ്പോൾ തന്റെ വണ്ടി പഞ്ചറായത് കണ്ടു.

അയാൾ ബസ്സിൽ കയറി. തന്റെ
സീറ്റിനടുത്ത് ഒരു പയ്യൻ ഇരിക്കുന്നത്

കണ്ടു.അയാൾ
കുറച്ച് നേരം കഴിഞ്ഞപ്പോൾ ആ പയ്യനെ ജിതിനാണെന്ന്തിരിച്ചറിഞ്ഞു....പയ്യൻ

അയാളെയും നോക്കി .അവർ പരസ്പരം കെട്ടിപിടിച്ചു നാരായണൻ ചോദച്ചു. നീ ഇപ്പോൾ എവിടെയാണ്? ജിതിൻ

പറഞ്ഞു.. ഞാൻ IT യിൽ വർക്ക്ചെയ്യുന്നു . വീട് പണി എതാണ്ട് കഴിഞ്ഞു.ചേട്ടൻഎന്തായാലും വരണം. അയാൾപയ്യന്റെ

മുഖത്ത് നോക്കി പുഞ്ചിരിച്ചിരുന്നു.

ബസ്സിൽ ബെല്ലടിച്ചു. അത് പതുക്കെ

നീങ്ങി തുടങ്ങി...

# 'അറബി 'ഭാഷയുടെ വരദാനം



**മുസ്ലിഹുദ്ദീൻ**
അധ്യാപകൻ

മലയാള ഭാഷയുടെ വികാസ പരിണാമത്തിൽ വിദേശീയവും സ്വദേശീയവുമായ ഭാഷകളുടെയും സംസ്കാരത്തിന്റെയും സ്വാധീനം പ്രകടമാണ്. ഏത് അവസ്ഥയേയും സാഹചര്യത്തെയും അടയാളപ്പെടുത്തുവാനുള്ള കഴിവ് ഭാഷക്കുണ്ടെങ്കിൽ മാത്രമേ അവ കാലത്തെ അതിജീവിക്കുകയുള്ളൂ. വൈദേശിക സാംസ്കാരിക മൂല്യങ്ങളെ അടയാളപ്പെടുത്തുന്നതിനുവേണ്ടി മലയാളഭാഷ കരുത്ത് നേടിയെടുത്തത് ആ ഭാഷകളുടെ പദങ്ങളെ സ്വീകരിക്കുന്നതിലൂടെയായിരുന്നു. ധാരാളം വൈദേശിക ഭാഷാ പദങ്ങൾ മലയാള പദസമ്പത്തിന്റെ ഭാഗമായിട്ടുണ്ട്. അതിൽ പരമപ്രധാനമാണ് അറബിഭാഷ. മലയാള ഭാഷയുടെ വികാസത്തിൽ അറബിഭാഷ വലിയ സംഭാവന നൽകിയിട്ടുണ്ട്.

സാംസ്കാരിക കൂട്ടായ്മകളാണ് ഭാഷാ വളർച്ചയിലേക്ക് നയിക്കാറുള്ളത്. വിഭിന്ന ഭാഷണ സമൂഹങ്ങളിൽ പെട്ടവർക്ക് കച്ചവടം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക ആവശ്യങ്ങളുടെ ഭാഗമാവേണ്ടിവരുമ്പോൾ പ്രദേശത്തെ ഭാഷയിൽ മറ്റൊരു ഭാഷ സ്വാധീനം ചെലുത്തുകയും, സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ അന്യോന്യം കൊടുക്കൽ വാങ്ങലുകൾ നടത്തുകയും ചെയ്യാറുണ്ട്.

കോളനീകരണ കാലഘട്ടംവരെ അറബിയായിരുന്നു കേരള തീരത്തെ കച്ചവട ഭാഷ. മധ്യകാലത്ത് മലയാളത്തിന് അറബി ഭാഷയോട് വലിയ അടുപ്പം ഉണ്ടായിരുന്നു. അറബികളും മലയാളികളും തമ്മിൽ ഉണ്ടായ ഈ അടുപ്പം ഭാഷയിൽ പ്രകടമായി. മാത്രമല്ല, സ്വാതന്ത്ര്യാനന്തരം ഗൾഫ് നാടുകളിലേക്കുള്ള മലയാളികളുടെ പ്രവാസജീവിതം അറബി ഭാഷ പഠിക്കുവാൻ അവരെ നിർബന്ധിതയാക്കി. കൂടാതെ, കേരളത്തിലെ മദ്രസ വിദ്യാഭ്യാസ രംഗത്തെ വളർച്ച അറബിഭാഷയുടെ വളർച്ചയിലേക്ക് നയിച്ചു. മാതൃഭാഷയിൽ അക്ഷരജ്ഞാനം നേടുന്നതിന് മുമ്പ് തന്നെ ഇസ്ലാം മതസ്ഥർ അറബി പഠിച്ചെടുക്കുന്നതും മലയാളത്തിൽ ആ ഭാഷയുടെ സ്വാധീനം വർദ്ധിക്കുന്നതിനു കാരണമായിരുന്നു.

മലയാളഭാഷയിലേക്ക് പരിണമിച്ച അറബി പദങ്ങൾ മലയാളഭാഷയുടെ പദസമ്പത്ത് കൂട്ടുന്നതിന് നിദാനമായി. ഇത്തരത്തിൽ മൂവായിരത്തോളം മലയാളപദങ്ങൾ അറബിയിൽ നിന്നും കടം കൊണ്ടതായി കരുതപ്പെടുന്നു.മലയാളത്തിൽ വ്യത്യസ്ത മേഖലകളിൽ ഉപയോഗിക്കുന്ന പദങ്ങൾ അറബിഭാഷയുടെതായി നമുക്ക് കാണുവാൻ സാധിക്കും.

# COMMENCEMENT



**BASHEERMASTER**
***TEACHER***

*Let you start from a purpose*
*along great aspiration*
*hopes and dreams*
*beside full hearted confidence and convict*
*to reach the extremity*

*let you remind the hurdles are great*
*never forget the barriors*
*hopes and honesty are your touts*
*no 'u' turn is allowed*

*hope you  will reach the goal*
*must stand there and look back*
*it will offers you appreciable ease*
*and boost your confidence*

# അറിവില്ലാത്ത സമൂഹം



-ഗീതു 10C

ഒരിടത്ത് രാമൻ എന്ന് പേരുള്ള ഒരാളുണ്ടായിരുന്നു. അയാൾ ഒരു മുഴുകുടിയനായിരുന്നു. അയാളുടെ മകൻഅമൽ മഹാമടിയനും അനുസരണക്കേട്കാട്ടുന്നവനുമാണ്. അവൻ സ്കൂളിൽഎന്നും വൈകിയാണ് എത്താറ്.എന്താണ് വൈകുന്നതെന്ന് ടീച്ചർഅവനോട് ചോദിച്ചപ്പോൾ അവൻമറുപടിയൊന്നും പറഞ്ഞില്ല.അവനെകുറിച്ച് അന്വേഷിച്ചപ്പോൾ അവന്റെജീവിതസാഹചര്യം ടീച്ചർക്ക്മനസ്സിലായി. ടീച്ചർ അവനെ നന്നായിഉപദേഷിച്ചു. അച്ഛനമ്മമാരുടെസ്നേഹവാത്സല്ല്യങ്ങൾ കിട്ടാത്തതുകൊണ്ടാണ് മക്കൾ ഇങ്ങനെയാകുന്നത്.അതുകൊണ്ട് നമ്മൾ മക്കളെവളർത്തുമ്പോൾ അവർക്ക്സ്നഹവാത്സല്ല്യങ്ങൾ നൽകി വളർത്തുക.

# رَحمَة  الله

**NAJA SHERIN 8A**

كان رَجلٌ صَالِح مِسكينٌ في المَدِينة. إسمه صَادق.
لاعَمَل لهُ . بل هو يُؤمِن في دِين اللّٰه. وهو يُصلي كُل



وَقت في الأوّل وَقت ويَصُوم في شَهر رمضان.
وزوجته عمياءُ. يوماً , قالت زوجته لِصادق ا ُدع للّٰه بعد
الصلاة عن الفقر فيُجيبنا.فذهب إلى  مسجد و دَعى
للّٰه لِيحل الفقر ثم رجع إلى البيت . فرأى صادق في
الطريق كِيسًا وفيها دِينارا كثيرًا. ثم ذهب صادق
إلى بيت          مع كيسًا. فقالت زوجته هذا رَحمة
من   اللّٰه. فقال صادق هذا هو إختِبار من الله . فرجَع
من البيت فرأى في الطريق رجلا يَجلسُ في الشارع
بحُزنا شديدا. فيَسأل صادق ما بِك  يا صِديقي؟ فقال:
فقدت دينارِي .... فقدت  ديناري .... فسأل : هل هذا
دِينارُك ؟ فأجَاب رجُل نعِم يا صَديقِي .فرد صادق
كيسا لرجل. ولذلك أعطى رَجُل وَظِيفة لصادِق
بأمَانتِه

# REFLECTION OF PEACE




**MEHAR KT 10A**

Once upon a time there is a small bird lived in a forest. It was really charming and calm bird. One day an ant was walking through the forest with food. While she was walking suddenly she slipped into river. The ant cried loudly, at that time our small bird was flying and playing with her other friends.

Suddenly the bird saw the ant. It was crying for a hand to help her. The kind hearted bird did not think about her life and she flew near to the ant. The ant saw the bird and she was saying to help her. The bird took a big leaf and put in to the river the ant

escaped by climbing to the leaf and the ant was very thankful to the bird.



Dear friends in this, our heroin is the small bird which is the reflection of peace. So, be peaceful to everyone.

# നഗരമധ്യത്തിൽ ഒരു മധ്യത്തിൽ തണൽ മരം



–ആദർശ് 10A




നഗര മധ്യത്തിൽ ഒരു തണൽ
മരം
ആ തണൽ മരത്തിലുണ്ടൊരു
സൌഹൃദം...ഒരു ശത്രുത....
ചിലേടത്തു പുക.... ചിലേടത്തു
ലഹരി
ചിലേടത്തു മരണം.... ചിലേടുത്തു കരച്ചിൽ.......
ഇപ്പോഴത്തെകാലം ....
ഫലം അത് എന്നായാലും
കിട്ടിയിരിക്കണം... അതാണ് മനുഷ്യന്റെ തലവിധി

# കൂട്ടുകാരൻ



-ഭൂമിക 9A

ചിരിപായുന്ന വണ്ടികളുടെ പുകയും
തിക്കി ഞെരുങ്ങിയ കെട്ടിടങ്ങളുടെ
നിശ്വാസവായുവും.......
ആകയെൻ ശ്വാസം നിലച്ചനേരം
ഒരു സുഹൃത്തിനെ പോലെ നീ
തണുത്ത കാറ്റായ്.... ശുദ്ധ വായുവായ് ...
നിനക്കു ഞാൻ  എന്തു നൽകണം
നിൻ നിർമല കരങ്ങളാൽ  എൻ അമ്മതൻ സ്നേഹം......
നിൻ തണലിൽ ഇരിക്കുംനേരം  ഞാൻ  ഓർക്കുന്നു ....
കൂടെ നിന്നു ചതിക്കാത്ത ഒരേയൊരു മിത്രമേ
നഗരത്തിൽ എനിക്കുള്ളതു നീ മാത്രം
ഈ തിരക്കിനിടയിൽ നീ   എനിക്ക്
ജീവന്റെ ...ഹൃദയമിടിപ്പ്......
നീ എൻ അരികിൽ ഇല്ലെങ്കിൽ
ഞാൻ വെറും ശരീരം ......

# A SMALL SPARROW




-Ayisha Nuzha

10A

A small sparrow was in a village without a nest. One day sparrow asked a help a to the mango tree to build a small nest in it's branch. But mango tree not allowed it. Hearing this the sparrow become very sad.

Then she went to jack fruit tree and asked the same help. He also announced the same thing which mango tree said. She cried and went to other trees for this help. But any trees not allowed that. She become very sad.

At-last she went to plantain tree and she asked:Plantain........Plantain.......please give a small place in your branch to me for making nest, I don't have nest”.Plantain said: OK,...that's my pleasure”.Sparrow become very happy and thanked to Plantain tree.



Then she made a small beautiful nest on the one of the branch of the Mango tree. After sometimes a big rain comes with thunder and lighting. That time other trees fell down which not allowed to make a nest for Sparrow. But the God saved the Plantain tree and the Sparrow.

# THE ROLE OF TEACHERS IN MY LIFE



***fida fathima k***
***10A***

Here l remember a lovely teacher her name was sini mol. She was a standard English teacher. I loved very much her. Because of her class and character. She behaved like a child. When I am in the **7**th standard a class teacher came her name was sini. Her characteristics features was true lady teacher. She told stories every day in my school life. We call her "sini" because she likes to hear call "sini". In my life, I like very much sini teacher than other teacher.

A teacher means, who understands a child's heart. Sini teacher was like that. I love her character and behavior she engaged in all problems of all children. She considered all students like her children. She has always a smiling face ;she solved all problems with this face. When she was angry, her face was not look beautiful. She believed that all religions have their own destiny. Teachers have the main role in student

life. They changed the student's concepts, ideas and all. Sini teacher changed all of my life concept she told that I have skill to become a doctor.



But, I am very sad when she changed my school . I miss my luck and happiness. When she left, I missed her concept, face her smile . In my life the role of sini teacher is very high. When sini teacher comes to school, my eyes become reddish and the tears  fall like a rain. The teacher realized the heart of the students.

# നിഴലായ് ..........

## എന്നുമെൻ .....      കൂടെ   നീ.....



ശിഖിന

10C

കൊടും വേനലിൽ നിന്ന്  തണലേകി
നൽകുമെൻ ...
നഗരത്തിലുണ്ടൊരു തണൽ മരം ...
എൻ വ്യസനങ്ങൾ മഴയാക്കുമാ തണൽ...
നെഞ്ചിനുള്ളിലെന്നു
ചാലായൊഴുകുന്ന
മിഴിനീർത്തുള്ളികളാണെന്നും.
വെയിലേറ്റു വാടുമെൻ മനസിന്റെ ഉള്ളിൽ
നനവായ് മാറുമാ തണൽ മരം.
അരുവിയിൽ ഒഴുകുന്ന ഇലകളെപ്പോലെ
ചഞ്ചലമായെന്നും എൻ കൂടെയുണ്ട്
മനസിന്റെ ഓരോ കോണിപടികളും കൈപിടിച്ചെന്നെ കയറ്റീടുന്നു
പിന്നിലെന്നുമൊരു നിഴലായ് ....
ആ വൃക്ഷത്തിലൊരു കുയിലായി ഞാനും.
എന്നുമെൻ നാദം പാടീടുന്നു.
വീണ നാദം പോൽ തഴുകി വരും കാറ്റാൽ

എൻ മുടിയിഴകളിലെന്നും തഴുകീടുന്നു.

അന്തരംഗാന്തരത്തെ നെഞ്ചിലേറ്റുന്ന,
നദിയാം പോലെ

ഭാരമെന്നുമാ മിത്രത്തിൻ നെഞ്ചിൽ.
പാടാനും എൻ കൂടെയെത്തുമാ

നഗരത്തിനിടയിലാ രക്ഷകൻ.

ജീവിതത്തിന്റെ ഓരോ പടികളിൽ നിന്ന് വീഴുമ്പോഴും ആ കരമെൻ

കരത്തിൽ ചേർന്നിരിക്കും....

നിത്യമെൻ നെഞ്ചിൽ ചേർന്നിരിക്കും.......




# FOOLISH CROW



Nandana V K
10A

Once up on a time there lived a crow. While flying in the sky it noticed a grandma who was making bread. When grandma get into kitchen the crow went and took the bread and flew away.



He sat on a tree and started eating. A hungry fox passing-by saw the crow. He got an idea to get the bread. He said, "hey crow, I've heard about your talent in singing. Would you sing a song for me?

When the foolish crow started singing the bread fell down. The fox took the bread and ran away. The crow recognized her foolishness and never become greedy .

# ഏകയായ്.......



*Nived sujay*

*10B*

നഗരത്തിൻ നടുവിലതാ നിൽക്കുന്നു
ഏകയായ് മൂകയായ് തണൽമരം
ഏവർക്കും ആശ്രയമായൊരു മരമതാ
കണ്ണീർ പൊഴിക്കുന്നു ......
വാഹനവാതകങ്ങൾ ശ്വസിച്ച്-
നിൽക്കുന്നതാ മരം.
മൂഢരാം മാനവർ
കൊന്നുതിന്നുന്നു മരത്തെ ...
ജീവികൾക്ക് തണലും ശുദ്ധവായുവും
നൽകുമീ നൻമരത്തെ .
പ്രഭാതത്തെ വരവേറ്റും രാവിനെ യാത്ര -
യയച്ചും നിൽക്കുമീ മരം




ഈ വിജനമാം തെരുവീഥിയിൽ
ഏകയായ് കേഴുന്നു ഈ മരം
ഏതു നിമിഷവും നിലംപതിക്കുമെന്നു-
റപ്പിച്ചിരിക്കുന്നു സ്വയം
മാനസതാരിൽ മരണം വിചാരിച്ച്,
ദുഷ്ടരാം മനുഷ്യർക്കിടയിൽ വേരുറപ്പിച്ചു
വാഴുന്നിതാ ആ മരം
ഒട്ടേറെ പേർക്ക് തണലായ് നിന്ന്
നാനാവിധ ക്ലേശങ്ങൾ സഹിച്ച് നിൽക്കുന്നു
ഏകയാം ആ മരം മൂകയായ് ...

# My Teacher



**Bhoomika**
**9A**

The teachers are like leaves on a Plant it have lot of functions. My favorite teachers are Anitha teacher, Ashraf sir And sudha teacher. They are my role models in my life.



They teach me how to have discipline in my life. The teachers are heart beat and soul for every children. Teacher also tries to improve children's ability and make them happy.

Teachers are like twinkle stars who spread light on earth.

They teach us human values. They are like both friends and parents. We would treat our teachers just like how we treat our parents.

# When you touch me



*Anitha Gomez*
*Teacher*

*I can feel you when I am alone*
*when I hear a voice so silent*
*The voice that soothes me*
*The voice that makes the rock to move*
*The voice that makes the hill to move*
*I feel that you are with me*
*my guide,mentor,teacher,friend and mother*
*your touch of love is infinite and immortal*
*you speak to me through the inner*
*voice to do what's right and wrong.*
*you always speak to me that "I am there*
*with you, don't be afraid"*
*your gift to me is my life*
*till this day what I am*
*is because of your mercy.*

*Waiting for you so long……….*
*to*
*see you,*
*feel you and*
*to love you more…*



# ദാഹജലം



റുബീന(ടീച്ചർ)

വരണ്ടുണങ്ങിയ ചുണ്ടുകൾ നനയ്ക്കാൻ
വിണ്ടുകീറിയ മണൽത്തിട്ടകൾക്കിടയിലൂടെ
ഊർന്നിറങ്ങി ഒരിറ്റു നീരിനായ്......
തുറന്നുവെച്ച സ്റ്റോമാറ്റയിലൂടെ
ബാഷ്പമായ് പോകുന്ന ദാഹജലം......

തളർന്നു കൊഴിയുന്ന ഇലകൾ
ഞെട്ടറ്റു വീഴുന്ന പൂക്കൾ...
വാടിത്തളരുന്ന പഴങ്ങൾ...
ജീവനറ്റു പോകാതിരിക്കാൻ
പല വഴികളിലൂടെ ആഴ്ന്നിറങ്ങി
എവിടെ കിട്ടുമെന്നറിയാതെ പരതി........

# പഠനയാത്ര



*-ജിഷ്ണു. വി*

*10D*

G H S S പറമ്പിലിന്റെ 2018-19 അധ്യയന വർഷത്ത മൈസൂർ കൂർഗ് പഠനയാത്ര 'കൂടെ'നവംബർ 23-24 തിയ്യതികളിലായി നടന്നു . 76 പേരടങ്ങുന്ന സംഘം 2 ബസ്സുകളിലായി 22-11-2018 ന് രാത്രി 10 മണിക്കാണ് യാത്ര തുടങ്ങിയന്നത്.സംഘത്തിൽ 6 അദ്ധ്യാപകരും ഉച്ചഭക്ഷണം പാകം ചെയ്യുന്ന ചേച്ചിയും വിജയമ്മ ടീച്ചറുടെ മകളും മുൻ കമ്പ്യൂട്ടർ അധ്യാപികയായിരുന്ന സുപ്രിയയും റുബീന ടീച്ചറുടെ കുഞ്ഞുമകൻ താരീക്കും ഉണ്ടായിരുന്നു.'ലിംറാസ് ' എന്ന വലിയ ബസ്സും 'ചൈത്രം' എന്ന ചെറിയ ബസ്സുമാണ് യാത്രയ്ക്ക് തിരഞ്ഞെടുത്തത്. 10 A ക്ലാസിൽ നിന്നുമുള്ള കുട്ടികളും അവരെ നിയന്ത്രിക്കാനുള്ള അധ്യാപകരും  ആണ് ചെറിയ ബസ്സിൽ.വലിയ ബസ്സിൽ ബാക്കി ക്ലാസുകളിലെ വിദ്യാർത്ഥികളും അധ്യാപകരും. വളരെ ശ്രദ്ധയോടെയും,കരുതലോടെയുമാണ് അധ്യാപകർ വിദ്യാർത്ഥികളെ ബസ്സിൽ കയറ്റിയത്. എല്ലാവരേയും യാത്രയാക്കാൻ അവരവരുടെ ബന്ധുക്കൾ എത്തിയിരുന്നു. HM ബസ്സിൽ കയറി ശുഭയാത്ര നേരുകയും, പലഹാരപൊതി നൽകുകയും ചെയ്തു.



യാത്രയുടെ തുടക്കം മുതലേ രസകരമായിരുന്നു. ബസ്സിന്റെ വേഗവും പാട്ടിന്റെ താളവും ഞങ്ങളുടെ മനസിനും ശരീരത്തിനും ഒരുപോലെ കുളിരുപരത്തി. പാട്ടിനനുസരിച്ച്



എല്ലാവരും ചുവടുവെച്ചു. കൂടാതെ എന്റെ ക്ലാസിലെ ജൽവയുടെ പിറന്നാൾ ആയിരുന്നു.അവൾ മിഠായി എല്ലാവർക്കും വിതരണം ചെയ്തു. പാട്ടിനൊത്ത് ചുവട് വയ്ക്കുന്നതിനിടെ ദൂരങ്ങൾ താണ്ടിയത് ആരും അറിഞ്ഞില്ല.11:15 ന്  ബസ്സ് അടിവാരത്തിലെ ഒരു പെട്രോൾ പമ്പിൽ നിർത്തി. ആവശ്യമെങ്കിൽ പുറത്തിറങ്ങാൻ അധ്യാപകർ പറഞ്ഞു. പെട്രോൾ പമ്പിന് എതിർവശം കണ്ട പാർക്കിൽ ഞങ്ങളെല്ലാവരും കളിച്ചു. തുടർന്നുള്ള യാത്രയിൽ തണുപ്പ്

കൂടി കൂടി വന്നു. എല്ലാവരും കമ്പിളി വസ്ത്രങ്ങളും, മറ്റും പുതച്ച് ഉറക്കത്തിലേക്ക് വഴുതി വീണു.

ചുരത്തിലെ റോഡ് മോശമായതിനാൽ ബസ് പതുക്കെയാണ് പോയത്. 6:45 ന് ഉറക്കമുണർന്ന് നോക്കിയപ്പോൾ ബസ് റോഡരികിൽ നിർത്തിയിരിക്കുകയായിരുന്നു. എതിർവശത്തേക്ക് നോക്കിയപ്പോൾ നോക്കെത്താദൂരത്തോളം പരന്നു കിടക്കുന്ന പാടം കണ്ടു. ടീച്ചറോട് ചോദിച്ചപ്പോൾ മൈസൂർ എത്തിയെന്നു പറഞ്ഞു.വീണ്ടും ബസ് പുറപ്പെട്ടു. വളവുകൾ താണ്ടി വളരെ പ്രകൃതി രമണീയമായ ഒരു വിശ്രമകേന്ദ്രത്തിൽ എത്തി. ശാന്തവും,സമാധാനവും തുളുമ്പുന്ന ഒരു പഴയനാലുകെട്ട് പോലുള്ള കെട്ടിടമായിരുന്നു അത്. കുറച്ച് വലിയ മുറികളും ഒരുപാട് കുളിമുറികളും ഉള്ള ആ വിശ്രമ കേന്ദ്രത്തിൽ നിന്നാണ് ഞങ്ങൾ പ്രഭാതകൃത്യങ്ങൾ നിർവഹിച്ചത്. ശേഷം ഞങ്ങൾ പ്രഭാതഭക്ഷണം കഴിക്കുന്നതിനായി വിശ്രമകേന്ദ്രത്തിൽ നിന്നും അധികം അകലെയല്ലാത്ത മലയാളികൾ നടത്തുന്ന 'കേരള'ഹോട്ടലിലെത്തി.
പോവുന്നതിന് മുമ്പ് എല്ലാവർക്കും തൊപ്പി വിതരണം ചെയ്തു. ആൺകുട്ടികൾക്ക് പച്ചയും പെൺകുട്ടികൾക്ക് റോസും അധ്യാപകർക്ക് വെള്ളയും നിറത്തിലുള്ള തൊപ്പികളാണ് നൽകിയത്. ഞങ്ങളുടെ ഗൈഡായിരുന്ന ഷാഫിക്ക നൽകിയ ടോക്കണുമായി ഞങ്ങൾ വരിനിന്നു. മസാലദോശ ,ഇഡ്ഡലി , പൂരി, ഉപ്പുമാവ്, ബ്രഡും ജാമും തുടങ്ങി ഞങ്ങൾക്ക് ഇഷ്ടപ്പെട്ടതെന്തും വേണ്ടത്ര വാങ്ങി കഴിക്കാമായിരുന്നു. ഹോട്ടലിൽ കൈ കഴുകുന്നിടത്തായി അക്വോറിയത്തിൽ ഭീമാകാരനായ ഒരു മത്സ്യത്തെ കണ്ടു. ആരുടെയും ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന വലിപ്പവും, രൂപകടനയും അതിനുണ്ടായിരുന്നു. ശേഷം ഞങ്ങൾ ഹോട്ടലിൽ നിന്ന് അധികം അകലയല്ലാതിരുന്ന മൈസൂർ മൃഗശാല കാണാൻ പോയി. പ്ലാസ്റ്റിക്

ജീവികൾക്ക് ഭീഷണി ഉണ്ടാക്കുന്നതിലും പരിസരം മലിനമാകാതിരിക്കാനും പ്ലാസ്റ്റിക് സാധനങ്ങൾ മൃഗ ശാലയിലേക്ക് കയറ്റാൻ സാധ്യമായിരുന്നില്ല. പ്ലാസ്റ്റിക് കവറിന് പകരം അവർ പേപ്പർ ബാഗ് തന്നു.

മൃഗശാലയിൽ ഞങ്ങൾ പക്ഷികളായ വേഴാമ്പൽ, മൂങ്ങ, മയിൽ, വെള്ളമയിൽ, പലതരം തത്തകൾ, പേരറിയാത്തതും ഇന്നേവരെ കാണാത്തതുമായ പക്ഷികളെ കണ്ടു. പുലി, കടുവ, സിംഹം, കുരങ്ങ്, സിംഹവാലൻകുരങ്ങ്, ചിമ്പാൻസി, സീബ്ര, കാട്ടുകുറുക്കൻ,



നീർനായ, മാൻ, കരടി, ആന, കാട്ടുപോത്ത്, കണ്ടാമൃഗം, വിവിധയിനം



പാമ്പുകൾ, ഹിപ്പൊപ്പൊട്ടാമസ്, മുതല, കൊക്കുകൾ, അരയന്നം, ഒട്ടകപക്ഷി, ജിറാഫ്, കങ്കാരു, ജാഗ്വാർ, തുടങ്ങിയ ഒട്ടനവധി ജീവികളെ  കണ്ടു. തുടർന്ന് ഞങ്ങൾ പോയത് മൈസൂരിലെ പ്രശസ്തമായ കൊട്ടാരത്തിലേക്കാണ്. ധാരാളം ആളുകൾ അവിടെ ഉണ്ടായിരുന്നു. ഇത്രയും വലിയ കൊട്ടാരം ഞാൻ ജീവിതത്തിൽ ആദ്യമായി കാണുകയാണ്. ഒരോ ചുമരിൽ പോലും വാസ്തു ശിൽപഭംഗി വ്യക്തമാണ്. പണ്ടുകാലം മുതൽ രാജാക്കന്മാർ ഉപയോഗിച്ചുവന്ന ആയുധങ്ങൾ, ആഭരങ്ങൾ, ഗൃഹോപകരണങ്ങൾ, അലങ്കാരവസ്തുക്കൾ, പീരങ്കി, പല്ലക്ക്, സിംഹാസനം തുടങ്ങി നിരവധി അപൂർവ വസ്തുക്കളും, ചിത്രങ്ങളും, കണ്ടു. അവിടെ കണ്ട രാജാവിന്റെ ജീവൻ തുടിക്കുന്ന പ്രതിമ എന്നെ ആകർഷിച്ചു. കണ്ടിട്ടും കണ്ടിട്ടും മതിയായില്ല. സ്വപ്ന തുല്ല്യമായ ഒരു ലോകത്തു എത്തിയ പോലെ തോന്നി. തുടർന്ന് പുറത്തിറങ്ങിയപ്പോൾ ഒട്ടകങ്ങളെ കണ്ടു. ചിലർ അതിന്റെ പുറത്തേറി

സവാരി ചെയ്യുന്നു. എല്ലാവരും ചേർന്ന് ഫോട്ടോ എടുത്തു. ശേഷം ബസ്സിൽ കയറി ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ച അതേ ഹോട്ടലിലേക്ക് ഊണ് കഴിക്കാൻ പോയി. കേരളീയ ഭക്ഷണമായിരുന്നെങ്കിലും ഇവിടുത്തത്ര സ്വാദ് ഇല്ലായിരുന്നു. അത് കുട്ടികൾക്കിടയിൽ വിഷമമുണ്ടായി. ഊണിന് ശേഷം ഞങ്ങൾ ടിപ്പുസുൽത്താനെ അടക്കം ചെയ്തസ്ഥലം കാണാൻപോയി. വിശാലമായി കിടക്കുന്ന പാർക്കുപോലെ തോന്നിക്കുന്ന സ്ഥലത്തിന്റെ ഒത്തനടുക്കായി താജ്മഹലിനെ ഓർമിപ്പിക്കും വിധം ഒരു കെട്ടിടം. അതിനുള്ളിലാണ് ടിപ്പുവിന്റെ സമാധി. മുറിക്കുള്ളിൽ ടിപ്പു, അദ്ദേഹത്തിന്റെ അച്ഛൻ, അമ്മ, മകൻ, ഭാര്യ, സേനാപതി തുടങ്ങി ധാരാളം പേരുടെ കല്ലറകൾ കണ്ടു.



പിന്നെ സഞ്ചരിച്ച് ഞങ്ങൾ സെന്റ് ഫിലോമിനാസ് പള്ളിയിൽ പോയി. വളരെ ഉയരമുള്ള കെട്ടിടം. മനോഹരമായ കൊത്തുപണികൾ കൊണ്ട് സമ്പന്നമാണ്.വളരെ നിശബ്ദമായ അന്തരീക്ഷം; ദൈവികത വിളിച്ചോതുകയും മനസ്സിന് ശാന്തി നൽകുകയും ചെയ്തു.

അൽപസമയം അവിടെ ചിലവഴിച്ച ശേഷം സന്ധ്യയോടെ ഞങ്ങൾ വൃന്ദാവൻ ഗാർഡനിലേക്ക് യാത്ര തിരിച്ചു. നല്ല തിരക്കുണ്ടായിരുന്നു. ചെറുതായി മഴയുണ്ടായിരുന്നു. മഴ ശക്തമായതോടെ വീണ്ടും തിരിച്ച് ബസ്സിൽ കയറി. മഴ തോർന്നപ്പോൾ വീണ്ടും പുറപ്പെട്ടു. ഡാമിന് കുറുകെയുള്ള പാലത്തിലൂടെ പോയപ്പോൾ

ഞങ്ങളെ കാത്തിരുന്നത് പുഷ്പങ്ങളുടെ ലോകമായിരുന്നു. പല നിറത്തിലുള്ള വെളിച്ചം. ഇരുട്ടിലും അവയ്ക്ക് അഴകേകി. ഒരുപാട് നടന്ന് പുഷ്പങ്ങൾ കണ്ടു. ഗാലറിയിലിരുന്ന് ഞങ്ങൾ ജലധാര കണ്ടു. തിക്കിലും തിരക്കിലും പെട്ട് വഴിതെറ്റാതിരിക്കാൻ കൂടെയുള്ളവർ ശ്രദ്ധിച്ചു. തൊപ്പിയുടെ നിറംകണ്ടാണ് അവർ വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞത്. വെളിച്ചം കുറവായ അവിടെ വളരെ പ്രയാസപ്പെട്ടാണ് നടന്നത്.

അവിടെ നിന്ന് പുറപ്പെട്ടശേഷം ഞങ്ങൾ മറ്റൊരു ഹോട്ടലിൽ അത്താഴം കഴിക്കാനെത്തി. ഉച്ചഭക്ഷണത്തിന്റെ പരാതിക്കും പരിഭവങ്ങൾക്കും വിരാമമിട്ടുകൊണ്ടാണ് രാത്രി ഭക്ഷണം തന്നത്. രുചിയുള്ളതും എല്ലാവർക്കും ഇഷ്ടപ്പെട്ടതുമായ ചപ്പാത്തി, നെയ് ചോർ എന്നിവ ഉണ്ടായിരുന്നു. എല്ലാവരും സന്തോഷത്തോടെ തിരിച്ച് ബസിൽ കയറി. പിന്നെ ബസ് നിർത്തിയത് ഒരു ഹോട്ടലിന്റെ മുന്നിലാണ്. 5,6 പേർക്ക് ഒരു മുറി എന്ന കണക്കിൽ കുട്ടികളെ തരംതിരിച്ചു. വൃത്തിയും, സൗകര്യവും ഉണ്ടായിരുന്നു. മുറിയിൽ എത്തിയപ്പോൾ തന്നെ കുളിച്ചു. വസ്ത്രം മാറി. ടി വി കണ്ടു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വെവ്വേറെ വിഭാഗമായിരുന്നു. 12:30 യോടെ കിടന്നുറങ്ങി. നല്ല തണുപ്പായിരുന്നു.

7 മണിക്ക് പുറപ്പെടും എന്നു പറഞ്ഞതിനാൽ ഞങ്ങൾ 5 മണിക്ക് ഉണർന്ന് പ്രഭാതകൃത്യങ്ങൾ ചെയ്തു. രണ്ടാം ദിവസം ആദ്യം ഞങ്ങൾ ചാമുണ്ഡേശ്വരി ക്ഷേത്രത്തിലേക്ക് പോയി. രാവിലെ 7:30 ന് ഞങ്ങൾ അവിടെയെത്തി. വഴിയരികിൽ നിറയെ കച്ചവടക്കാരായിരുന്നു. കുരങ്ങന്മാരെ കണ്ടു. വളരെ ഉയരം കൂടിയ കൊത്തുപണികൾ കൊണ്ട് സമ്പന്നമായ അമ്പലം ദൂരെ നിന്ന് തന്നെ കാണാമായിരുന്നു. അമ്പലത്തിന് അകത്ത് കയറിയില്ല. അമ്പലത്തിന് മുമ്പിലായി ഒരു കൈയ്യിൽ പാമ്പും, മറുകൈയ്യിൽ വാളും പിടിച്ച രാക്ഷസന്റെ ഭീകരമായ പ്രതിമ ഉണ്ടായിരുന്നു. അതിന്റെ മുന്നിൽ നിന്നും എല്ലാവരും ചേർന്ന്

ഫോട്ടോ എടുത്തു. തിരിച്ചുള്ള യാത്രയിൽ മഞ്ഞു മൂടിയ താഴ്വാരം ഞങ്ങൾ ബസിൽ നിന്നും നോക്കി കണ്ടു. ശേഷം ആദ്യദിനം പ്രഭാതഭക്ഷണം കഴിച്ച അതേ ഹോട്ടലിൽ പോയി പ്രഭാതഭക്ഷണം കഴിച്ചു.

പിന്നീട് ഞങ്ങൾ കൂർഗിലെ ടിബറ്റൻ ഗോൾഡൻ ടെംപിൾ കാണാൻ പോയി. ബുദ്ധന്റെ സ്വർണ നിറത്തിലുള്ള വലിയ പ്രതിമ കണ്ടു. നല്ല വൃത്തിയുള്ള കെട്ടിടം പുറമെ നിന്നു നോക്കുമ്പോൾ ചൈനീസ്



കെട്ടിടത്തെ ഓർമ്മിപ്പിച്ചു. തലമൊട്ടയടിച്ച് കാഷായ വേഷം ധരിച്ച ധാരാളം പുരുഷന്മാരെ കണ്ടു. യഥാർത്ഥത്തിൽ സ്വർണം കൊണ്ട് ഉണ്ടാക്കിയ പ്രതിമകളായത് കൊണ്ടാവാം അതിന്റെ അടുത്തേക്ക് പോവാൻ അനുവാദം ഉണ്ടായിരുന്നില്ല. ക്ഷേത്രത്തിന്റെ ഇടതുവശത്തായി മനോഹരമായ ഒരു ഉദ്യാനം കണ്ടു. പച്ചപ്പ് നിറഞ്ഞ അവിടെ അൽപ സമയം ചിലവഴിച്ചു. പിന്നെ ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. വിശ്രമിച്ചു. അടുത്തതായി ഞങ്ങൾ പോയത് ദുബേർ ആനക്യാമ്പിലേക്കാണ്. കുറെ സമയം യാത്ര ചെയ്തതിന് ശേഷമാണ് ഞങ്ങൾ അവിടെയെത്തിയത്. മുഹമ്മദലി സാറിന്റെ ആവശ്യപ്രകാരം മെലഡി ഗാനങ്ങളാണ് ബസ്സിൽ വച്ചത്. പിന്നെ എന്റെ ശ്രദ്ധ പുറത്തേക്കായി. വിജനമായ ഏക്കറുകളോളം നീണ്ടു നിൽക്കുന്ന പാടവും, കവുങ്ങിൻതോട്ടങ്ങളും, പാടത്ത് കൊയ്യാൻ പാകത്തിന് നിൽക്കുന്ന ചോളത്തൈകളും, ഉഴുന്നിന്റെ പാടശേഖരവും കാണാമായിരുന്നു.

അവിടെയെത്തിയപ്പോൾ ധാരാളം കുതിരകളെ

കണ്ടു.അതിനടുത്തായി

ഒരു പുഴ.പുഴയുടെ അക്കരയാണ് ക്യാമ്പ്.

ബോട്ടു മാർഗം അക്കരെ എത്താം.

രണ്ടു ബോട്ടുകളാണുള്ളത് .ധാരാളം വിനോദസഞ്ചാരികളുണ്ടായിരുന്നു . അതിനാൽ തന്നെ അൽപസമയം

കാത്തിരുന്നാണ് ഞങ്ങളുടെ ഊഴം എത്തിയത് .ബോട്ട് യാത്ര വളരെ

രസകരമായിരുന്നു. വലിയ മീനുകളെ തെളിനീരിൽകാണാമായിരുന്നു.

എല്ലാവരും വന്ന ശേഷം ആനപ്പരിശീലന ക്യാമ്പിലേക്ക് പോയി.

ധാരാളം ആനകളെ കണ്ടു . മനുഷ്യരുമായി ഇണങ്ങി കഴിഞ്ഞ അവർ ഞങ്ങൾക്ക് തൊടാനും ഫോട്ടോ എടുക്കാനും  അനുസരണയോടെ

നിന്നുതന്നു. പക്ഷെ അവിടെ താരം ഒരു കുട്ടിയാനയായിരുന്നു. അത്

അനുസരണയോടെ നിന്നു. ഞങ്ങൾ അതിനെ തൊട്ടു. ഒപ്പം നിന്ന് ഫോട്ടോ എടുത്തു തിരിച്ച് ബോട്ടിൽ തണെ

ഇക്കരെയെത്തി.അപ്പോഴേക്കും ഇരുട്ടുവീണിരുന്നു പിന്നെ ഞങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ സമയം തന്നു പർച്ചേഴ്സിങ് വേഗം കഴിഞ്ഞാഴൽ

ഡി.ജെ പാർട്ടി ഉണ്ടാവുമെന്ന് പറഞ്ഞതോടെ ഞങ്ങൾക്ക്



ആവേശമായി. എല്ലാവരും ചോക്ലറ്റും മറ്റും വാങ്ങി ശേഷം ഒരു മണിക്കൂർ ഡി.ജെ പാർട്ടിയായിരുന്നു അടിപോളി ഗാനങ്ങൾ അതിന്റെ

ചടുല

താളങ്ങൾകൊപ്പം എല്ലാവരും ചുവടുവച്ച

വ്യത്യസ്ത നിറത്തിലുള്ളവെളിച്ചം

അതിനു മാറ്റു കൂട്ടി. അതിനുശേഷം ഞങ്ങൾ രാത്രി ഭക്ഷണം കഴിച്ചു
പിന്നെ തിരിച്ച് ബസിൽ കയറി. മടക്കയാത്രയ്ക്ക് ഞങ്ങൾ ഒരുങ്ങി
മടക്കയാത്രയിൽ എല്ലാവരും നിശബ്ദരായി ഇരുന്നു പുറത്തെ കാഴ്ചകൾ
കണ്ടു. രണ്ട് ദിവസത്തെ പഠനയാത്രയെ കുറിച്ച് സംസാരിക്കാൻ
പറഞ്ഞപ്പോൾ രണ്ട്,മൂന്ന് കുട്ടികളും,ടീച്ചർമാരും സംസാരിച്ചു
പഠനയാത്ര നിയന്തിച്ച് ഞങ്ങളോടൊപ്പം എന്തിനും കൂടെ നിന്ന
ഷാഫിക്കയുടെ പ്രവർത്തനങ്ങളെ എല്ലാവരും അഭിനന്ദിച്ചു. അദ്ദേഹം
ഇന്ന് ഈ സാഹചര്യത്തിലെത്തിയ കഥ ഞങ്ങൾക്ക് പറഞ്ഞു തന്നു.
ബസ്സ് ഡ്രൈവർമാരുടെ സമീപനവും ഞങ്ങൾക്കേറെ ഇഷ്ടമായി
പിന്നെ എല്ലാവരും കിടന്നുറങ്ങി ഉറക്കം ഉണർന്നപ്പേൾ സമയം കൃത്യം
6 മണി.
രണ്ട് ദിവസത്തെ സ്നേഹത്തിന്റെയും
കരുതലിന്റെയും ഓർമ്മകൾ തന്നുകൊണ്ട് അധ്യാപതർ
വിദ്യാർത്ഥികളെ രക്ഷിതാക്കളുടെ കൈകളിൽ തിരിച്ചേൽപ്പിച്ചു എല്ലാ
ഓർമ്മകളും മനസിൽ സൂക്ഷിച് ഞങ്ങൾ വീടുകളിലേക്ക് മടങ്ങി.

# Role of Teachers in one's talent



*-Dilsha sherin 9A*

*Teachers are very important characters in our life. Teachers are our best friends or like our parents. The support of the teachers is very important for one's talent. There is a proverb related to teachers and books "A GOOD BOOK IS BETTER THAN A TEACHER,BUT A GOOD TEACHER IS BETTER THAN A LIBRARY" it is very correct, a good teachers can decide one student's future.*

*My favorite teachers are like my good best friends or like my parents. The behavioral pattern,talent,discipline will get better by the presence of a good teacher.*

*If we are in any problem,the presence or support of our best teacher can overcome the problem. Then we are happy*

*I like all teachers in my school. Because,they care us well and they want the better improvement of all students.*

*All teachers are good. They have only one*

*thought,the future of all students. If we made any wrong, they will punish us for the good future just like our own parents. All teachers advice the students for goodness.*

*My favorite teachers in my school are Rubeena teacher, Nusrath teacher and also Anitha teacher. All the other teachers are also good.*

*The role of teachers in our life is very important in our life. They always support students only in good things. The all good teachers want to become the students better and happy.*

*The words of Malala yousaf sai is very correct "one child,one book,one pen,one teacher can change the world"*

*teachers like all the students. They do not advice a student for wrong path. They only advice the student to move through right path . The support of a teacher is very important to one's talent. When searching the life of famous people it is very correct. Example is the famous cricket player sachin tendulkar. The support of his coach achrekar sir is made him a great cricket player. So the role of teacher in our life is important. I like all my teachers.*

# ദുരന്തമുഖത്തെ അതിജീവനം



-അഭയ കെവി

**10 C**

കേരള ജനതയെ കണ്ണീരിലാഴ്ത്തിയ വൻ ദുരന്തമാണ് നമ്മുടെ മുൻപിലൂടെ കടന്ന്പോയത്. ഒട്ടേറെപ്പേരുടെ ജീവിതവും സ്വപ്നവുമാണ് ഇതിലൂടെ പൊലിഞ്ഞ് പോയത്. യാതൊരു നിയന്ത്രണവും കൂടാതെ പ്രകൃതിയെ കാർന്നുതിന്നുന്ന മനുഷ്യർക്ക് പ്രകൃതിയുടെ ഒരു താക്കീതാണ് ഈ പ്രളയം.



ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. പ്രകൃതി രമണീയമായിരുന്ന കേരളത്തെ നാം മാലിന്യങ്ങളാൽ അലങ്കരിച്ചു. തെളിനീർ മലിനമാക്കി. കുന്നുകളും വയലുകളും നാമാവശേഷമാക്കി. ഇതാണ് ദൈവത്തിന്റെ സ്വന്തം നാട്. ഇത്രയും ക്രൂരതകൾ പ്രകൃതിക്ക് നേരെ നടത്തുമ്പോൾ പ്രകൃതി തിരിച്ചൊന്നും തരുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. എങ്കിലും ഈ പ്രളയം നമ്മെ പലതും പഠിപ്പിച്ചു. പലതും ഓർമ്മിപ്പിച്ചു.



ഒരുമയോടെ കഴിഞ്ഞിരുന്ന ബന്ധങ്ങൾ മതിൽകെട്ടിനുള്ളിൽ സ്വന്തം കാര്യം നോക്കി ജീവിച്ചു. എന്നാൽ പ്രളയജലം മതിൽക്കെട്ടുകൾ മാറ്റി മനുഷ്യരെ ഒന്നാക്കി. പണക്കാരനോ പാവപ്പെട്ടവനോ എന്ന വ്യത്യാസമില്ലാതെ അവർ മനുഷ്യനായി മാറി.

ജാതിയുടെയും മതത്തിന്റെയും പേരിൽ തമ്മിലടിക്കുന്നവർക്ക് പാഠമായിരുന്നു ഈ പ്രളയം.

വെള്ളം കയറിയപ്പോൾ അമ്പലമോ പള്ളിയോ ഹിന്ദുവോ മുസൽമാനോ എന്ന വ്യത്യാസമില്ലാതെ നാം രക്ഷകരെ





ആശ്രയിച്ചു. മതേതരത്വം എന്ന ആശയം ഇവിടെ നടപ്പിലായി. പെരുന്നാളിന് മുസൽമാന് നിസ്കരിക്കാൻ അമ്പലവും ഹിന്ദുവിന് ഓണമാഘോഷിക്കാൻ പള്ളിയും. തീർച്ചയായും പറയാം പ്രളയം മലയാളിയെ മതേതരത്വം പഠിപ്പിച്ചു എന്ന്.

പ്രളയം പണക്കാരന് പാവപ്പെട്ടവനോടുള്ള അവഗണന മാറ്റി. എന്തിനേറെ പറയുന്ന ,ക്യാമ്പുകളിൽ വച്ചാണ് സ്വന്തം അയൽപക്കകാരനെ കാണുന്നത് തന്നെ. പ്രളയം ബന്ധങ്ങളുടെ വില നമുക്ക് മനസ്സിലാക്കി തന്നു. തന്ന മാലിന്യങ്ങളെ തിരിച്ച് നൽകികൊണ്ട് പ്രളയം മനുഷ്യനെ ഓർമിപ്പിച്ചു പ്രകൃതിക്ക് മേൽ നിനക്ക് അധികാരമില്ല എന്ന്.



ഇത്രയൊക്കെയാണെങ്കിലും പ്രളയം മലയാളികളെ ദുരിതത്തിലേക്കാഴ്ത്തുകയും ചെയ്തു- അന്യനാട്ടുകളിൽ രാപകൽ അധ്വാനിച്ച് തീർത്ത സ്വപ്നഭവനം തകർത്തപ്പോൾ, സ്വന്തബന്ധങ്ങളുടെ ജീവനെടുത്ത് എണ്ണിയാലൊടുങ്ങാത്ത ദുഃഖങ്ങൾ തീർത്തപ്പോൾ ഒക്കെയും.

ഈ പ്രളയമുഖത്ത് മാനുഷിക മൂല്യങ്ങൾ കാത്ത് സൂക്ഷിക്കുന്ന ഒട്ടേറെപ്പേരെ നമുക്ക് കാണാനായി. ജീവൻപോലും പണയംവെച്ച് രാപകൽ വ്യത്യാസമില്ലാതെ കഷ്ടപ്പെട്ട് ഒട്ടേറെ പേർ. അതിൽ തന്നെ



നമ്മുടെ മത്സ്യത്തൊഴിലാളികൾ ആഴക്കടലിൽ പണിക്ക് പോകുന്ന

ഇവർക്ക് ഈ വെള്ളമൊന്നും ഒന്നുമല്ല. അതുകൊണ്ട് തന്നെ അവർ മുന്നിട്ടിറങ്ങി. ഒട്ടേറെ പേർക്ക് തണലായി.

കലി തീർത്ത് തിരിച്ച് പോയ വെള്ളം നമ്മെ ഒരുപാട് കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. ദുരിതമുഖത്ത് നിന്ന് കൊണ്ട് തന്നെ നാം നവകേരള സൃഷ്ടിക്കായി ഒരുങ്ങുകയാണ്. നമുക്ക് നേരെ ഒരുപാട് സഹായ ഹസ്തങ്ങൾ നീളുന്നുണ്ട്. എങ്കിലും നമ്മൾ നമ്മളാലാകും വിധം ദുരിത ബാധിതരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കാതിരിക്കാൻ കഴിയില്ല. കുറഞ്ഞാൽ അവരുടെ കണ്ണീരൊപ്പാനും കൂടിയാൽ അവരുടെ ജീവിതം തിരിച്ച് പിടിക്കാനും നമ്മളാലാകും. കാരുണ്യം വറ്റി വരണ്ട മനസ്സല്ല നമ്മുടേത്.

കലക്ടറുടെ നിർദേശം കേൾക്കേണ്ട താമസം ആവശ്യമായ സാധനങ്ങളുമായി ഓടിയെത്തിയ കോഴിക്കോട്ടുകാരടങ്ങുന്ന കേരളമാണിത്.

ലക്ഷകണക്കിന് കൈകൾ ഒത്തുചേർന്നാൽ ഇവിടം ശുചിത്വ സുന്ദരമാക്കാം. എത്ര പണിപ്പെട്ടും നവകേരളത്തെ സൃഷ്ടിക്കാം. കാരണം ഇത് കേരളമാണ് നമ്മൾ അതിജീവിക്കും.

# സമയം




-അമർ റോഷൻ

**10A**

ബെല്ലടിച്ചു.ക്ലാസ് ആരംഭിച്ചു.......

പിന്നീട് അവിടുന്ന് കുറച്ച് സമയം കഴിഞ്ഞപ്പോൾ അതാ വിഷ്ണു ഓടി കിതച്ചു വരുന്നു. അവൻ ഓടി സ്കൂളിന്റെ വരാന്തയിലേക്ക് കയറി



പൊടുന്നനെ അവൻ അവിടെ നിന്നു. മറ്റെന്തോ കണ്ട് പേടിച്ചത് പോലെ. അതാ അവിടെ ചൂരലും പിടിച്ച് നിൽക്കുകയാണ് ഹെഡ്മാസ്റ്റർ.

“ഉം.... എന്താടാ അവിടെ നിന്നു കളഞ്ഞത്... ഇങ്ങോട്ട് വാടാ.....”

മാഷിന്റെ ഊറ്റം കേട്ട് അവന് നിക്കറിൽ മുള്ളിയില്ലാ എന്നേയുള്ളു.

അവൻ ഭയത്തോടെ അടുത്തേക്ക്  ചെന്നു.

9ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിയായിരുന്നു അവൻ. “എത്ര മണിക്ക്യാടാ ക്ലാസ്.”മാഷിന്റെ ചോദ്യം കേട്ട് അവൻ തല താഴ്ത്തി നിന്നു. “ചോദിച്ചത് കേട്ടില്ലെ ....എത്രമണിക്കാ  ക്ലാസ്....”.അവൻ പറഞ്ഞു- “പത്ത് മണിക്ക്.” “ഇപ്പോൾ സമയമോ.”മാഷ് വീണ്ടും ചോദിച്ചു. അവൻ പറഞ്ഞു- “പത്തര.”മാഷിന്റെ അടുത്ത ചോദ്യത്തിന് മുൻപായി അവൻ പറഞ്ഞു.  “ഞാൻ ഇനി ആവർത്തിക്കില്ല സാർ... .” അവനോട് ദയ തോന്നിയ മാഷ് അവനെ ക്ലാസിൽ പറഞ്ഞയച്ചു.അടുത്ത ദിവസവും അവൻ നേരം വൈകി വന്നു. ഓരോ മുടന്ത് ന്യായം പറഞ്ഞ് അവൻ  അതിൽ നിന്ന് രക്ഷപ്പെടും. പക്ഷെ ഒരു ദിവസം അവനെ ഹെഡ്മാസ്റ്റർ പിടികൂടി.   "ഇനി നിനക്ക് ഒരു ന്യായവും പറഞ്ഞ് രക്ഷപ്പെടാൻ കഴിയില്ല. സത്യം പറഞ്ഞോളണം.”മാഷ് കണ്ണുരുട്ടി. അവൻ അവന്റെ കാര്യമെല്ലാം വിസ്തരിച്ചു.  അവൻ പറഞ്ഞത് കേട്ട മാഷിന്റെ മുഖം ഒന്നാകെ വാടി. മാഷ് അവന് ക്ഷമ നൽകി പറഞ്ഞയിച്ചു. അവന് അച്ഛനില്ലെന്നും അവൻ അദ്ധ്വാനിച്ചാണ് അവന്റെ അമ്മയെ നോക്കുന്നതെന്നും അവൻ പറഞ്ഞു. മാഷിന്റെ കണ്ണ് നിറഞ്ഞത് അവൻ മറ്റൊന്ന് പറഞ്ഞപ്പോഴാണ്. അവൻ അതിരാവിലെ എഴുന്നേറ്റ് പത്രം വീട്ടിലെത്തിക്കാൻ പോകും. അവന് മാസം അതിന് 500 രൂപ കിട്ടുമെന്നും അവൻ പറഞ്ഞു. അത്  കഴിഞ്ഞാൽ അവൻ തട്ടുകടയിലെ പാത്രം കഴുകി കൊടുക്കാൻ പോവും. അവിടുന്ന് കിട്ടും  അവന് 1500 രൂപ മാസം. ഇതിലാണ് അവനും അവന്റെ അമ്മയും ജീവിതം നയിക്കുന്നത് എന്നും അവൻ പറഞ്ഞു....

പിന്നീട് ഒരു ദിവസം മാഷ് അപ്രതിക്ഷമായി  ഒരസംബ്ലി വിളിച്ചു. കുട്ടികളെല്ലാം അവേശഭരിതരായി. എന്തിനായിരിക്കും ഈ

അസംബ്ലി പലരും മനസ്സിലും അത് ഒരു ചോദ്യ ചിഹ്നമായി. മാഷ് വേദിയിലേക്ക് വന്നു. കൂടെ വിഷ്ണുവും. മാഷ് എല്ലാവരോടും പറഞ്ഞു;

“എന്റെ ജീവിതത്തിൽ ഞാൻ പല വിദ്യാർത്ഥികളെയും കണ്ടിട്ടുണ്ട്.എന്നാൽ പഠനത്തിനിടയിൽ തന്റെ അമ്മയെ നോക്കാൻ പല തൊഴിലുകളും സ്വീകരിക്കേണ്ടി വന്ന ഒരു വിദ്യാർത്ഥി ,അങ്ങനെ ഞാൻ സങ്കൽപ്പിച്ചിട്ടുപോലുമില്ല. അതുപോലെ ഒരു വിദ്യാർത്ഥിയാണ് നമ്മുടെ വിഷ്ണു.

അവന്റെ ജീവിതം അവൻ തന്നെ നിങ്ങളോട് പങ്കുവെയ്ക്കും. അതിനായി ഞാൻ വിഷ്ണുവിനെ ക്ഷണിക്കുന്നു. ”

വിഷ്ണു വേദിയിലേക്ക് വന്നു. അവന്റെ എല്ലാ പ്രയാസവും ജീവിതം നയിക്കുന്ന രീതിയും അവൻ പങ്കു വെച്ചു.അവൻ സമയത്തിന് പ്രാധാന്യം നൽകുന്നു എന്നും അവന്റെ അമ്മയാണ് അവന് എല്ലാം എന്നും കൂടി പറഞ്ഞു..................!

# മരത്തിന്റെ നൊമ്പരം



-അജയ് തോമസ്

10A

നഗരമധ്യത്തിൽ ആർക്കും

വേണ്ടാത്ത തണൽ മരം.

ഫാക്ടറികളുടെ,കാറുകളുടെ,
റോഡിന്റെ നടുവിൽ
പച്ചപ്പും വിടർത്തി നിൽക്കുന്ന
അഭിമുഖന്മാർ തിരിഞ്ഞ്
പോയിട്ടും നഗരവഴിയിൽ
ശല്ല്യമെന്നു കരുതി

നാട്ടും നഗരവും നശിപ്പിക്കുന്നു.

മാനുഷ്യർക്ക് സഹായികമായിട്ടും,

പെട്ടെന്നൊരു ദിവസം

മാഞ്ഞുപോകേണ്ടി വന്നു.
മനുഷ്യർ കലാശമായി മറ്റും
വെട്ടി നശിപ്പിച്ച്
നിന്നെ പോലെ തണലാകുന്ന

മരത്തെയും കൊന്നു.

# ഹരിതഭാവിക്ക്

# ഹരിതരസതന്ത്രം




സീമശ്രീലയം
ടീച്ചർ

രസതന്ത്രമില്ലാത്തൊരു ലോകത്തെകുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുമോ? ഇല്ലേയില്ല എന്നാവും ഉത്തരമെന്നു തീർച്ച. ഉപ്പുതൊട്ടു കർപ്പൂരം വരെ എന്നു പറയുന്നപോലെ എന്തിലും ഏതിലും എവിടെയുമുണ്ട് സ്വാധീനം. മനുഷ്യപുരോഗതിയിൽ രസതന്ത്രം വഹിച്ച പങ്ക് വളരെ വലുതാണ്. എന്നാൽ വ്യാവസായിക വിപ്ലവത്തിന്ന് ശേഷം ഭീകരമായ മലിനീകരണ പ്രശ്നങ്ങൾക്കാണ് ലോകം സാക്ഷ്യം വഹിച്ചത്. അപകടകരമായ രാസമാലിന്യങ്ങൾ നമ്മുടെ മണ്ണും ജലവും ആകാശവും വിഷലിപ്തമാക്കാൻ തുടങ്ങി. എന്നാൽ രസതന്ത്രം തികച്ചും പരിസ്ഥിതിയോടിണങ്ങുന്നതായാൽ എങ്ങനെയായിരിക്കും. രസതന്ത്രത്തെ പരിസ്ഥിതി സൗഹൃദപരമാക്കുക എന്ന ലക്ഷ്യത്തോടെ ഗവേഷണങ്ങൾ നടത്തുന്ന ഒരു നൂതനശാസ്ത്രശാഖയുണ്ട്. അതാണ് ഹരിതരസതന്ത്രം അഥവാ ഗ്രീൻ കെമിസ്ട്രി.

# ഹരിതരസതന്ത്രം-പന്ത്രണ്ട് തത്വങ്ങൾ

പോൾ അനസ്റ്റാസ് എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ് ഗ്രീൻ കെമിസ്ട്രി എന്ന വാക്കിന്റെ ഉപജ്ഞാതാവ്. യു.എസ് എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസിയിയിലെ ശാസ്ത്രജ്ഞനും ഗ്രീൻ കെമിസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമാണ് ഇദ്ദേഹം. അനസ്റ്റാസും മച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടറായ ജോൺ .സി .വാർണറും ചേർന്നാണ് ഹരിതരസതന്ത്രത്തിന്റെ പന്ത്രണ്ട് തത്ത്വങ്ങൾക്ക് രൂപം




നൽകിയത്. മാലിന്യങ്ങൾ ഒട്ടുംതന്നെ പുറംതള്ളാത്ത രാസവ്യവസായരംഗം യാഥാർത്ഥ്യമായാൽ തന്നെ മലിനീകരണ പ്രശ്നങ്ങളിൽ നിന്ന് വലിയൊരളവുവരെ മോചനം നേടാം. സീറോവേസ്റ്റ് ,മാലിന്യങ്ങൾ പരിസ്ഥിതിയിൽ കലരാതെ സ്രോതസ്സിൽ വച്ചുതന്നെ മലിനീകരണം തടയുന്ന രീതി,ആറ്റം ഇക്കോണമി തുടങ്ങിയവ യാഥാർത്ഥ്യമാക്കി രസതന്ത്രത്തിനു പ്രതീക്ഷയുടെ ഹരിതമുഖം നൽകാൻ സാധിക്കും. ഹരിതരസതന്ത്രത്തിന്റെ പന്ത്രണ്ട് തത്ത്വങ്ങൾ താഴെ പറയുന്നവയാണ് :

1. രാസവസ്തു ഒട്ടും ഉണ്ടാവാത്ത വിധത്തിൽ രാസവസ്തു നിർമ്മാണത്തെ മാറ്റിയെടുക്കുക.
2. വിഷമില്ലാത്ത ഹരിതരാസവസ്തുക്കളുടേയും ഉൽപന്നങ്ങളുടെയും ഡിസൈനിംഗ്.
3. മനുഷ്യനും പരിസ്ഥിതിക്കും ദോഷകരമല്ലാത്ത

4. പദാർഥനിർമിതിക്കായി രാസപ്രവർത്തനങ്ങളെ റീഡിസൈൻ
5. ചെയ്യുക .
6. പുനരുപയോഗസാധ്യതയും പുനരുൽപാദനസാധ്യതയുമുള്ള അസംസ്കൃതവസ്തുക്കൾ രാസപ്രക്രിയകളിൽ ഉപയോഗിക്കുക. അതിവേഗം തീർന്നുകൊണ്ടിരിക്കുന്ന ഫോസിൽ ഇന്ധനങ്ങൾക്ക്ബദലായി ഉയോഗിക്കാൻ കഴിയുന്ന രാസവസ്തുക്കൾ തിരിച്ചറിഞ്ഞ് അവയെ രാസവസ്തു നിർമ്മാണപ്രക്രയകളിൽ ഉപയോഗിക്കുക.
7. ഫലവത്തായ ഉൽപ്രേരകങ്ങൾ ഉപയോഗപ്പെടുത്തി രാസപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കി രാസമാലിന്യങ്ങൾ പരമാവധി കുറയ്ക്കൽ. നോൺ സ്റ്റോക്യോ മെഴിക് രാസവസ്തുക്കൾ ഉൽപ്രരകങ്ങളായി ഉപയോഗിക്കൽ.
8. രാസപ്രവർത്തനങ്ങൾക്കിടയിൽ അനാവശ്യമായ ഉപോൽപന്നങ്ങൾ ഉണ്ടാകുന്നത് തടഞ്ഞ് അഭികാരങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുക, രാസമാലിന്യങ്ങൾ ഉണ്ടാകുന്നത് തടയുക.
9. ആറ്റം ഇക്കോണമി പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് അഭികാരങ്ങൾ പാഴായി പോകുന്നത് തടയുക. ബാരി ട്രോസ്റ്റ് എന്ന രസതന്ത്രജ്ഞനാണ് ഈ ആശയത്തിന്റെ ഉപജ്ഞാതാവ്.
10. ലായകങ്ങളും രാസപ്രവർത്തന സാഹചര്യങ്ങളും ഹരിതമാക്കുക. ലായകമായി ജലം ഉപയോഗിക്കുക.
11. രാസപ്രവർത്തനങ്ങൾ കഴിയുന്നതും സാധാരണ താപനിലയിൽ നടത്തികൊണ്ട്

ഊർജം ലാഭിക്കുക.

12. ഉപയോഗശേഷം ഹാനീകരമല്ലാത്ത പദാർത്ഥങ്ങളായി വിഘടിക്കുന്ന വിധത്തിൽ ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്യെടുക്കുക.

13.






രാസപ്രവർത്തനത്തിനിടയിൽ തന്നെ തൽസമയ വിവരവിശകലനം നടത്തി ഒടുവിൽ മാലിന്യങ്ങൾ ഉണ്ടാകുന്നത് തടയുക.


14. അപകടകരമായി രാസവസ്തുക്കൾ പരിസ്ഥിതിയിൽ കലരാനുള്ള സാധ്യത, തീപിടുത്തം, സ്ഫോടന സാധ്യത തുടങ്ങിയ സാഹചര്യങ്ങൾ ഒഴിവാക്കുകയോ പരമാവധി കുറക്കുകയോ ചെയ്യുക.


# Drawings for magazine


shafaj
albin
m.razal
















# ക്യാമറക്കണ്ണുകളിലൂടെ....

























